**ട്രേഡ് യൂണിയൻ രംഗത്തെ അഴിമതിക്കെതിരെ പോരാടുകയും പരിസ്ഥിതി സംരക്ഷണത്തിന് വേണ്ടിയുള്ള മാവൂർ സമരത്തിൽ പങ്കാളികളാവുകയും ചെയ്ത ഗ്രോ (ഗ്വാളിയോർ റയോൺസ് വർക്കേഴ്സ് യൂണിയൻ) യുടെ വേറിട്ട വഴികളെക്കുറിച്ച് എ. വാസു**

# ഗ്രോ തുറന്നിട്ട സാധ്യതകൾ

**തൊഴിൽ** സംരക്ഷണം എന്നതാണ് എല്ലാ ട്രേഡ് യൂണിയനുകളും ഉന്നയിക്കുന്ന അടിസ്ഥാന ആവശ്യം. എന്നാൽ തൊഴിൽ നഷ്ടപ്പെട്ടാലും വേണ്ടിയല്ല, പരിസ്ഥിതി നശിപ്പിക്കുന്ന ഫാക്ടറി അടച്ചുപൂട്ടണമെന്ന് ആവശ്യപ്പെട്ട് സമരം ചെയ്തു എന്നതാണ് ഗ്രോ (ഗ്വാളിയോർ റയോൺസ് വർക്കേഴ്സ് യൂണിയൻ) യെ വ്യത്യസ്തമാക്കുന്നത്. ചാലിയാറിനെയും ചുറ്റുപാടുമുള്ള ആവാസവ്യവസ്ഥയേയും ജനജീവിതത്തേയും സംരക്ഷിക്കുന്നതിനായി മാവൂർ ഗ്രാസിം ഫാക്ടറി അടച്ചുപൂട്ടണം എന്ന് ആവശ്യപ്പെട്ട് സമരം ചെയ്ത പരിസ്ഥിതി പ്രവർത്തകരോടും നാട്ടുകാരോടും ഗ്രോ യൂണിയൻ കൈകോർത്തു. സിഐടിയു ഉൾപ്പെടെയുള്ള വ്യവസ്ഥാപിത ട്രേഡ് യൂണിയനുകൾ ഗ്വാളിയോർ റയോൺസ് ഫാക്ടറി അടച്ചുപൂട്ടണം എന്ന പരിസ്ഥിതി സമരത്തിന് എതിരായിരുന്നു. ഫാക്ടറിയും തൊഴിലും സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് അവർ സമരം ചെയ്തിരുന്നു. എന്നാൽ പരിസ്ഥിതി സംരക്ഷണവും പരിഗണിക്കപ്പെടേണ്ട വിഷയമാണെന്ന് ഒടുവിൽ അവരിൽ പലർക്കും വ്യക്തിപരമായെങ്കിലും അംഗീകരിക്കേണ്ടി വന്നിട്ടുണ്ട്. ഫാക്ടറി അടച്ചുപൂട്ടിയതിനെ തുടർന്ന് 2000 പേർക്കാണ് തൊഴിൽ നഷ്ടമായത്. എന്നിട്ടും പരിസ്ഥിതി നശിപ്പിക്കുന്ന വ്യവസായം വേണ്ട എന്ന നിലപാടെടുത്ത ട്രേഡ് യൂണിയനായിരുന്നു ഗ്രോ.

ഗ്രോ യൂണിയന്റെ സെക്രട്ടറി സ്ഥാനം ഏറ്റെടുക്കുന്ന കാലത്ത് തന്നെ പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് എനിക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. അഴിമതിക്കെതിരായ കാഴ്ച്ചപ്പാടിൽ നിന്നാണ് ഗ്രോ യൂണിയൻ സ്ഥാപിതമാകുന്നത്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ കാൻസർ പോലെ അഴിമതി പടർന്നു പിടിച്ചുകൊണ്ടിരുന്ന കാലമായിരുന്നു അത്. ബ്രിട്ടീഷുകാരുടെ കാലത്തുണ്ടായിരുന്നതിനേക്കാൾ ഭരണകൂടത്തിന്റെ പക്ഷത്ത് നിന്നുള്ള അഴിമതി സ്വതന്ത്ര ഇന്ത്യയിൽ വളരെ കൂടുതലായിരുന്നു. ആ അഴിമതി ട്രേഡ് യൂണിയൻ രംഗത്തേക്കും വ്യാപിച്ചു. രാഷ്ട്രീയ പാർട്ടികളെല്ലാം അഴിമതിക്കാരായി മാറിയതോടെ അവരുടെ ട്രേഡ് യൂണിയനുകളും അഴിമതിക്ക് കൂട്ടുനിൽക്കാൻ തുടങ്ങി. തൊഴിൽ സംരക്ഷണ സമരങ്ങളുടെയെല്ലാം ലക്ഷ്യം സാമ്പത്തികമായ നേട്ടമുണ്ടാക്കുക എന്നതായി മാറി. രാഷ്ട്രീയ പാർട്ടികളും ട്രേഡ് യൂണിയനുകളും സംയുക്തമായി തീരുമാനിച്ച് നടപ്പിലാക്കിയ പരിപാടിയായിരുന്നു അത്. അത്തരം രാഷ്ട്രീയ പാർട്ടികളുടെ കുടക്കീഴിലല്ലാത്ത സ്വതന്ത്രമായ ട്രേഡ് യൂണിയൻ പ്രവർത്തനമൊ

ന്നും കേരളത്തിലുണ്ടായിരുന്നില്ല. അഴിമതി നിറഞ്ഞതും രാഷ്ട്രീയ പാർട്ടികളുടെ നിയന്ത്രണത്തിലുള്ളതുമായ ട്രേഡ് യൂണിയനുകൾക്ക് ബദലായി സ്വതന്ത്രമായ യൂണിയൻ എന്ന ലക്ഷ്യത്തോടെയാണ് ഗ്രോ രൂപീകൃതമാകുന്നത്.

നക്സലൈറ്റ് പ്രസ്ഥാനത്തിൽ നിന്നും രാജിവച്ച ശേഷമാണ് ഞാൻ ഗ്രോ യൂണിയനിലെത്തുന്നത്. ഗ്രാസിം ഫാക്ടറിയിലെ തൊഴിലാളികൾ തന്നെ രൂപീകരിച്ച പ്രസ്ഥാനമായിരുന്നു ഗ്രോ. മാനേജ്മെന്റുമായി ഒട്ടിനിന്ന്, ആനുകൂല്യങ്ങൾ പറ്റി അഴിമതിക്കാരായി മാറിയ തൊഴിലാളി യൂണിയനുകളെയും നേതാക്കന്മാരെയും എതിർത്തുകൊണ്ടാണ് ഗ്രോ രംഗപ്രവേശനം ചെയ്യുന്നത്. നിലവിലുള്ള യൂണിയൻ വലിച്ചെറിഞ്ഞ് നിരവധി പ്രവർത്തകർ ഗ്രോയിലേക്കെത്തി. അനുയോജ്യമായ ഒരു നേതാവിന് വേണ്ടിയുള്ള തിരച്ചിലാണ് അവരെ എന്റെയടുക്കൽ എത്തിച്ചത്. അങ്ങനെയാണ് ഞാൻ ഗ്രോയുടെ സെക്രട്ടറിയായെത്തുന്നത്. ഞാൻ സെക്രട്ടറിയായിരുന്ന കാലത്ത് ട്രേഡ് യൂണിയൻ രംഗത്തെ അഴിമതിക്കെതിരെ പോരാടുക എന്നതിനായിരുന്നു ഗ്രോ യൂണിയൻ ഊന്നൽ നൽകിയത്. പരിസ്ഥിതി സംരക്ഷണം എന്ന ലക്ഷ്യത്തിലേക്ക് ഞങ്ങൾ പതിയെ വികസിച്ചതാണ്. സമരം നടത്തി, മാനേജ്മെന്റുമായി കരാറുണ്ടാക്കി എന്തെങ്കിലും സംഭാവന ട്രേഡ് യൂണിയനും അവരുടെ രാഷ്ട്രീയ പാർട്ടികൾക്കും വാങ്ങിക്കൊടുക്കുക എന്ന നടപ്പുരീതിക്കെതിരെ ശക്തമായ നിലപാടെടുത്ത് പ്രവർത്തിക്കുക എന്നതിലാണ് അന്നത്തെ സാഹചര്യത്തിൽ ഞങ്ങൾ മുഴുകിയത്. അർഹമായ പലതും തൊഴിലാളികൾക്ക് വാങ്ങിക്കൊടുക്കാനാണ് എന്നുപറഞ്ഞ് സമരം ചെയ്യുകയും സമരത്തെ ഉപയോഗിച്ച് മാനേജ്മെന്റുമായി വിലപേശൽ നടത്തുകയും ചെയ്തിരുന്ന വ്യവസ്ഥാപിത ട്രേഡ് യൂണിയനുകളായിരുന്നു ഞങ്ങളുടെ എതിരാളികൾ.

പരിസ്ഥിതിയെക്കുറിച്ചുള്ള യാതൊരു കാഴ്ചപ്പാടും രാഷ്ട്രീയ പാർട്ടികൾക്കോ ട്രേഡ് യൂണിയനുകൾക്കോ ഇല്ലാതെയിരുന്ന കാലത്താണ് ഗ്രോ അത്തരം പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നത്. ചാലിയാറും പരിസ്ഥിതിയും സംരക്ഷിക്കുന്നതിനായി പരിസ്ഥിതി പ്രവർത്തകരുടെയും നാട്ടുകാരുടെയും നേതൃത്വത്തിൽ മാവൂരിൽ സമരം ശക്തമാകുന്നതും അക്കാലത്താണ്. വ്യവസ്ഥാപിത രാഷ്ട്രീയ ട്രേഡ് യൂണിയനുകൾ പരിസ്ഥിതി സമരത്തെ കായികമായി തന്നെ അന്ന് നേരിട്ടു. തൊഴിലാളികളെ ഉപയോഗിച്ച് അവർ വലിയ സംഘർഷമുണ്ടാക്കി. ഞങ്ങളുടെ യൂണിയന് ആ സംഘർഷം വലിയൊരളവിൽ തടയാൻ കഴിഞ്ഞു. മാവൂർ ഗ്രാസിം ഫാക്ടറിയുണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നം തൊഴിലാളികളെ പഠിപ്പിക്കാനാണ് ഞങ്ങൾ ആദ്യം ശ്രമിച്ചത്. തൊഴിലാളികളെ അവർ പണിയെടുക്കുന്ന ഫാക്ടറി നടത്തുന്ന പാരിസ്ഥിതിക മലിനീകരണത്തിന്റെ പ്രശ്നങ്ങൾ മനസിലാക്കിക്കൊടുക്കാൻ ഗ്രോ യൂണിയൻ കഴിഞ്ഞു. ചാലിയാറും പ്രകൃതിയും നശിക്കുന്നതിനെക്കുറിച്ച് മറ്റ് ട്രേഡ് യൂണിയനുകളൊന്നും ആശങ്കപ്പെട്ടിരുന്നില്ല. തൊഴിലുമാത്രമായിരുന്നു അവരുടെ പ്രശ്നം. ആനയെ കാണാൻ പോയ കുരുടന്മാരെപ്പോലെയാണ് അവർ പെരുമാറിയത്. വലിയ പ്രശ്നത്തിന്റെ ഒരു ചെറിയ ഭാഗം മാത്രമാണ് അവർക്ക് കാണാൻ കഴിഞ്ഞത്. അന്ന് അവരുടെ പ്രബലമായ ശബ്ദത്തെ മറികടന്ന് പ്രവർത്തിക്കുക എന്നത് വലിയ പ്രയാസമായിരുന്നു. മാധ്യമങ്ങളെയെല്ലാം അവർ വിലയ്ക്കെടുത്തിരുന്നു. കമ്പനി അടച്ചുപൂട്ടിയാൽ തൊഴിൽ നഷ്ടമാകും എന്ന വാദത്തിന് തന്നെയാണ് ആദ്യകാലത്ത് പ്രാമുഖ്യം കിട്ടിയിരുന്നത്. പുഴയുമായി ബന്ധപ്പെട്ട ആവാസ വ്യവസ്ഥ നശിച്ചുപോയാൽ ജീവിതം അസാധ്യമായിത്തീരും എന്ന ഭീമമായ നഷ്ടത്തെ അന്ന് തൊഴിലാളി യൂണിയനുകളൊന്നും വേണ്ടത്ര പരിഗണിക്കാൻ തയ്യാറായിരുന്നില്ല.



എ. വാസു

**വ്യവസ്ഥാപിത രാഷ്ട്രീയ ട്രേഡ് യൂണിയനുകൾ പരിസ്ഥിതി സമരത്തെ കായികമായി തന്നെ അന്ന് നേരിട്ടു. തൊഴിലാളികളെ ഉപയോഗിച്ച് അവർ വലിയ സംഘർഷമുണ്ടാക്കി. ഞങ്ങളുടെ യൂണിയന് ആ സംഘർഷം വലിയൊരളവിൽ തടയാൻ കഴിഞ്ഞു. മാവൂർ ഗ്രാസിം ഫാക്ടറിയുണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നം തൊഴിലാളികളെ പഠിപ്പിക്കാനാണ് ഞങ്ങൾ ആദ്യം ശ്രമിച്ചത്**

കമ്പനി അടച്ചുപൂട്ടണമെന്ന് ആവശ്യപ്പെട്ട് സമരം ചെയ്യുന്ന പരിസ്ഥിതി പ്രവർത്തകർക്ക് മാവൂർ അങ്ങാടിയിൽ ഒരു യോഗം നടത്താൻ അന്ന് സാധിക്കാത്ത അവസ്ഥയുണ്ടായിരുന്നു. തൊഴിലാളി യൂണിയനുകളുടെ ശക്തമായ ഭീഷണി അവർക്കു നേരെയുണ്ടായിരുന്നു. ഗ്രോ യൂണിയനാണ് മാവൂർ അങ്ങാടിയിൽ ഒരു പൊതുയോഗത്തിൽ സംസാരിക്കാൻ അവർക്ക് ആദ്യമായി അവസരം നൽകിയത്.

കമ്പനി അടച്ചുപൂട്ടണം എന്ന് അന്തിമമായി പറയാതെ, തൊഴിൽ സംരക്ഷിച്ചുകൊണ്ട് പരിസ്ഥിതി മലിനീകരണമില്ലാത്ത ബദൽ ഉത്പാദന മാർഗ്ഗങ്ങളിലേക്ക് കമ്പനി പരിവർത്തനം ചെയ്യണം എന്ന മുദ്രാവാക്യമാണ് ഗ്രോ യൂണിയൻ മുന്നോട്ട് വച്ചത്. തൊഴിൽ സംരക്ഷിക്കുക എന്ന മുദ്രാവാക്യം ഒരു ട്രേഡ് യൂണിയന് ഒരിക്കലും ഒഴിവാക്കാൻ കഴിയുന്നതല്ല. അതുകൊണ്ടാണ് അത്തരമൊരു സമീപനം സ്വീകരിച്ചത്. എന്നാൽ മാനേജ്മെന്റിന്റെ ഒത്താശയോടെ, കമ്പനി ഏതുവിധേനയും നിലനിർത്താൻ ശ്രമിച്ചിരുന്ന മറ്റ് ട്രേഡ് യൂണിയനുകളുടെ കാപട്യത്തിനൊപ്പം

നിൽക്കാൻ ഞങ്ങൾ തയ്യാറായിരുന്നില്ല. പരിസ്ഥിതി പ്രവർത്തകർക്കും നാട്ടുകാർക്കും ഞങ്ങളുടെ നിലപാടിന്റെ ആത്മാർത്ഥതയെക്കുറിച്ച് വ്യക്തമായ ബോധ്യമുണ്ടായിരുന്നു.

ട്രേഡ് യൂണിയൻ ചരിത്രത്തിൽ രേഖപ്പെടുത്തേണ്ട ഒരു സമരമാണ് ഗ്രോയുടെ സമരം. പരിസ്ഥിതി സംരക്ഷിക്കുന്നതിനായി ഫാക്ടറി അടച്ചുപൂട്ടണമെന്ന് ആവശ്യപ്പെട്ട് ഒരു ട്രേഡ് യൂണിയൻ കമ്പനി മാനേജ്മെന്റിനെതിരെ സമരം ചെയ്യുന്നത് ചരിത്രത്തിലെ അപൂർവ്വ സംഭവമാണ്. മലിനീകരണമില്ലാത്ത വ്യവസായം വരണം എന്നാവശ്യപ്പെട്ടും ട്രേഡ് യൂണിയനുകൾ സമരം നടത്തുന്നതും അപൂർവ്വമാണ്. മലിനീകരണം നടത്തുന്ന കമ്പനികളുടെ പക്ഷത്ത് നിന്ന് എങ്ങനെയും തൊഴിൽ സംരക്ഷിക്കാൻ ശ്രമിക്കുന്ന ട്രേഡ് യൂണിയനുകളെയാണ് നാം ഇന്ന് കാണുന്നത്. എന്നാൽ പരിസ്ഥിതി മലിനമാക്കുന്ന വ്യവസായം വേണ്ട എന്ന ഗ്രോയുടെ സമരത്തിന് ബഹുഭൂരിപക്ഷം തൊഴിലാളികളുടെയും പിന്തുണ ആർജ്ജിക്കാൻ കഴിഞ്ഞു. അന്ന് മുതൽ ഞങ്ങളെ എതിർക്കുന്ന സിഐടി.യു ഗ്രാസിം ഫാക്ടറി തൊഴിലാളികളെ സംരക്ഷിക്കാനാണെന്ന പേരിൽ കേരളത്തിലെമ്പാടും നടന്ന് പിരിവെടുത്തു. സമരത്തിന്റെ അന്ത്യനാളുകളിൽ മറ്റ് പല മുഖ്യധാരാ ട്രേഡ് യൂണിയനുകളും പിന്നാമ്പുറ പിന്തുണയെങ്കിലും ഞങ്ങൾക്ക് തരാൻ തയ്യാറായപ്പോഴും സിഐടി.യു മാറിനിന്നു. ഗ്രാസിം ഫാക്ടറിയിൽ നിന്നുള്ള മലിനീകരണം കാരണം ഏറെ ദുരിതമനുഭവിച്ചത് തൊഴിലാളികളായിരുന്നു. രോഗികളായവരിൽ തൊഴിലാളികളുമുണ്ടായിരുന്നു. എന്നിട്ടും സിഐ.ടിയുവിനെപ്പോലെയുള്ള സംഘടന മാനേജ്മെന്റിനെ സഹായിക്കുന്ന തൊഴിലാളി വിരുദ്ധ സമീപനമാണ് കൈക്കൊണ്ടത്.

കമ്പനി അടച്ചുപൂട്ടണമെന്ന ആവശ്യം പോലും അവർ ഒടുവിൽ ഉന്നയിച്ചത് മാനേജ്മെന്റിനെ സഹായിക്കാൻ വേണ്ടിയായിരുന്നു. കമ്പനി തുടർന്നും ലാഭകരമായി പ്രവർത്തിക്കാൻ സാധിക്കില്ല എന്ന് കൃത്യമായി മനസ്സിലാക്കിയതുകൊണ്ടാണ് ബിർള ഫാക്ടറി പൂട്ടാൻ തയ്യാറായത്. ഉത്പാദനം നടത്തുന്നതിനാവശ്യമായ അസംസ്കൃത വസ്തുവായ തടി ഇനി കേരളത്തിലെ വനങ്ങളിൽ നിന്നും കിട്ടാനില്ലെന്ന്

**പശ്ചിമഘട്ട രക്ഷാ യാത്ര**
**25–ാം വാർഷികം**

പശ്ചിമഘട്ട രക്ഷാ യാത്രയുടെ 25–ാം വാർഷികം നവംബർ 1ന് കേരളപ്പിറവി ദിനത്തിൽ തൃശൂർ സാഹിത്യ അക്കാദമയിൽ വച്ച് ആചരിക്കുന്നു. ചിപ്കോ പ്രസ്ഥാനത്തിന്റെ നേതാവ് ചണ്ഡീപ്രസാദ് ഭട്ട് ഉദ്ഘാടനം ചെയ്യുന്നു.
ബന്ധങ്ങൾക്ക്: 9446529991

ബോധ്യമായപ്പോഴാണ് മറ്റ് മാർഗ്ഗങ്ങൾ ലാഭകരമല്ല എന്ന് മനസ്സിലാക്കി ബിർള പിന്മാറുന്നത്. മാനേജ്മെന്റുമായി അടുപ്പമുള്ള ട്രേഡ് യൂണിയനുകൾക്ക് അക്കാര്യം വ്യക്തമായി അറിയാമായിരുന്നു. എന്നാൽ അക്കാര്യം മറച്ചുവച്ച് അവർ ഞങ്ങളുടെ സമരത്തെ ചതിക്കുകയായിരുന്നു.

1985ൽ തൊഴിൽ സമരത്തെ തുടർന്ന് ബിർളാ കമ്പനി താത്കാലികമായി അടച്ചുപൂട്ടിയപ്പോൾ 14 തൊഴിലാളികൾ കടുത്ത ദാരിദ്ര്യം കാരണം ആത്മഹത്യ ചെയ്യുകയുണ്ടായി. ആ സാഹചര്യത്തിൽ കമ്പനി വീണ്ടും തുറന്ന് പ്രവർത്തിക്കണമെന്ന് ആവശ്യപ്പെട്ട് ഗ്രോ യൂണിയൻ സമരം ചെയ്തു. മൂന്ന് വർഷത്തോളം നീണ്ടുനിന്ന വലിയ സമരമായിരുന്നു അത്. അത്തരം സാഹചര്യങ്ങളിൽ പരിസ്ഥിതി സംരക്ഷിക്കുക എന്ന നിലപാടെടുക്കാൻ ഒരു തൊഴിലാളി സംഘടനയ്ക്ക് കഴിയില്ല. ജീവിതസാഹചര്യങ്ങൾ കൊണ്ട് ആ തൊഴിലിൽ എത്തിച്ചേർന്നവരാണ് തൊഴിലാളികൾ. തൊഴിൽ പെട്ടെന്ന് നഷ്ടമാകുന്നത് അവർ തുടർന്നുവരുന്ന ജീവിതത്തെ പൂർണ്ണമായും താറുമാറാക്കും. അതൊരു സങ്കീർണ്ണ സാഹചര്യമാണ്. പരിസ്ഥിതി നശിപ്പിക്കുന്ന വ്യവസായങ്ങൾ വേണ്ടെന്ന് പറയുമ്പോൾ തന്നെ തൊഴിലാളികളുടെ ജീവിതസാഹചര്യങ്ങളും ഒരു ട്രേഡ് യൂണിയന് പരിഗണിക്കേണ്ടതായി വരും. ഇവ രണ്ടും സംയോജിതമായി മുന്നോട്ട് കൊണ്ടുപോകാൻ കഴിയണം. ഗ്രോ യൂണിയൻ അതിനാണ് ശ്രമിച്ചത്.

എന്നാൽ വ്യവസ്ഥാപിത ട്രേഡ് യൂണിയനുകൾ ഇനിയും അത്തരമൊരു സമീപനം കൈക്കൊണ്ടിട്ടില്ല. അവർ പ്രതിനിധീകരിക്കുന്ന രാഷ്ട്രീയ പാർട്ടികൾക്ക് അക്കാര്യത്തിൽ വീക്ഷണമില്ല എന്നതാണ് പ്രശ്നം. ബൂർഷ്വാ ജനാധിപത്യ വ്യവസ്ഥിതിയിൽ പ്രവർത്തിക്കേണ്ടിവരുന്ന രാഷ്ട്രീയ പാർട്ടികളുടെ ഗതികേടിലാണ് അവരെല്ലാം. ബൂർഷ്വാസികളെ സംരക്ഷിക്കുക എന്നതാണ് അവരുടെ കടമ. മാനേജ്മെന്റിന്റെ ദാസ്യവേലക്കാരായി മാറുന്ന ട്രേഡ് യൂണിയനുകളുണ്ടാകുന്നത് അങ്ങനെയാണ്. പെട്ടെന്ന് പണമുണ്ടാക്കുക എന്നതാണ് മുതലാളിത്തത്തിന്റെ ചിന്താഗതി. മുതലാളിത്ത വ്യവസ്ഥിതിയുടെ ഭാഗമായിവരുന്ന വ്യവസായ സംരംഭങ്ങൾ പ്രകൃതിയെ ചൂഷണം ചെയ്യുന്നത് ലാഭമുണ്ടാക്കാനായാണ്. മലിനീകരണമില്ലാതെ, പ്രകൃതിയെ അന്ധമായി ചൂഷണം ചെയ്യാതെ വ്യവസായം സാധ്യമാണെങ്കിലും കൊള്ളലാഭമുണ്ടാക്കാൻ കഴിയില്ല എന്നതിനാൽ അവർ അതിന് തയ്യാറാകില്ല. അതിന് മാനേജ്മെന്റുകളെ സജ്ജരാക്കാൻ ട്രേഡ് യൂണിയനുകളും അവർക്ക് നേതൃത്വം നൽകുന്ന രാഷ്ട്രീയ പാർട്ടികളും ശ്രമിക്കുന്നില്ല. കൊള്ളലാഭത്തിന്റെ വിഹിതം കിട്ടുമോ എന്നതിലാണ് അവരുടെ കണ്ണ്. അത്തരം രാഷ്ട്രീയ പാർട്ടികളെ അധികാരത്തിൽ നിന്നും പുറത്താക്കുക എന്നതാണ് നാം ചെയ്യേണ്ടത്. ആർത്തിപൂണ്ട വികസന പദ്ധതികൾ വരുന്നിടത്തെല്ലാം ജനങ്ങൾ ഇന്ന് അത്തരം പദ്ധതികൾ കൊണ്ടുവരുന്ന ഭരണ-രാഷ്ട്രീയ നേതൃത്വങ്ങൾക്കെതിരെ സമരം ചെയ്യുകയാണ്. അവരോടാണ് നമ്മൾ ഐക്യപ്പെടേണ്ടത്. പുതിയ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളും അതിനാണ് ശ്രമിക്കേണ്ടത്. വയൽ നികത്തലും കുന്നിടിക്കലും പാറ ഖനനവും നടക്കുന്നിടത്ത് നമ്മൾ കൺമുന്നിൽ കാണുന്നവരല്ല യഥാർത്ഥ പ്രതികൾ. അവർക്ക് അതിനുള്ള അവസരമൊരുക്കിക്കൊടുക്കുന്ന രാഷ്ട്രീയ നേതൃത്വങ്ങളാണ് മുഖ്യ കുറ്റവാളികൾ. ജനാധിപത്യത്തിലൂടെ ജനങ്ങൾ രാഷ്ട്രീയ പാർട്ടികൾക്ക് നൽകിയ അധികാരം തിരിച്ചുപിടിക്കാനുള്ള ശ്രമങ്ങൾക്കാണ് നവ ട്രേഡ് യൂണിയനുകൾ നേതൃത്വം നൽകേണ്ടത്.